അർബൻ സഹകരണ സംഘങ്ങളായി പ്രവർത്തിക്കുന്നതിന് ഭാരതീയ റിസർവ്വ് ബാങ്കിന്റെ മുൻകൂർ അനുമതി ആവശ്യമില്ലാത്തതിനാലുമാണ് ഇത്തരം ഒരു തീരുമാനം കൈക്കൊണ്ടത്. സഹകരണ സംഘങ്ങളെ ചട്ടം 15 അനുസരിച്ച് തരം തിരിക്കുമ്പോൾ ഉളവാകുന്ന സംശയങ്ങളിൻമേൽ രജിസ്ട്രാറുടെ തീരുമാനം അന്തിമമാണെന്ന് പ്രസ്തുത ചട്ടത്തിന്റെ കുറിപ്പ് ഒന്നിൽ വ്യക്തമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ

153 [3155] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പിന്റെ ഭരണ നിർവ്വഹണത്തിൻകീഴിൽ സംസ്ഥാനത്ത് എത്ര അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയെ സംബന്ധിച്ച് 2004 മാർച്ച് 31-ലെ കണക്കുപ്രകാരം ഓതറൈസ്ഡ് ഷെയർ ക്യാപിറ്റൽ, പെയ്ഡപ്പ് ഷെയർ ക്യാപിറ്റൽ, സർക്കാരിന്റെ ഓഹരി പങ്കാളിത്തം, സമാഹൃത പ്രവർത്തന നഷ്ടം, ബാദ്ധ്യതകൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

പത്ത് അപ്പക്സ് സഹകരണ സ്ഥാപനങ്ങളുണ്ട്. വിശദാംശം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

സഹകരണ സ്ഥാപനങ്ങളിലെ സ്വർണ്ണ പണയത്തിൻമേലുള്ള വായ്പ

154 [3156] ശ്രീ. എ. സുജനപാൽ:
,, ടി.വി. ചന്ദ്രമോഹൻ:
,, എം. മുരളി:
,, വി.ഡി. സതീശൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ സ്വർണ്ണപ്പണ്ടങ്ങളുടെ ഈടിൻമേൽ വായ്പ നൽകുന്നുണ്ടോ;

(ബി) ഓരോ സ്ഥാപനവും ഇത്ര തുകയ്ക്കുമേൽ സ്വർണ്ണപ്പണ്ടങ്ങളുടെ ഈടിൻമേൽ വായ്പ നൽകരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വായ്പ നൽകാവുന്ന പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ഉണ്ട്. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന പ്രാഥമിക വായ്പാ സംഘങ്ങൾ സ്വർണ്ണപ്പണ്ടങ്ങളുടെ ഈടിൻമേൽ പരമാവധി രണ്ടു ലക്ഷം രൂപ മാത്രമേ ഒരംഗത്തിന് വായ്പ നൽകാവൂ എന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 3-1-2000-ലെ 3/2000 നമ്പർ സർക്കുലറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ജില്ലാ സഹകരണ ബാങ്കിൽനിന്നും ഒരു വ്യക്തിക്ക് സ്വർണ്ണപ്പണയവായ്പ ഉൾപ്പെടെ എല്ലാ വായ്പകളിലുമായി നൽകാവുന്ന പരമാവധി തുക 25 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ലായെന്ന് നബാർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിനും ഒരംഗത്തിന് ഒരു ലക്ഷത്തിൽ കൂടുതൽ സ്വർണ്ണപ്പണയവായ്പ നൽകരുതെന്ന് കേന്ദ്രബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്.

സഹകരണ ആർബിട്രേഷൻ കോടതിയുടെ പ്രവർത്തനം

155 [3157] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച സഹകരണ ആർബിട്രേഷൻ കോടതിയിൽ ഏതുതരം കേസ്സുകളാണ് കൈകാര്യം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസർ എന്നുമുതലാണ് ചുമതല ഏറ്റെടുത്തത്;

(സി) നാളിതുവരെ എത്ര കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്;

(ഡി) നിലവിൽ എത്ര കേസ്സുകൾ അവശേഷിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) നിശ്ചിത തീയതിക്കകം തീർപ്പാക്കണമെന്നുള്ള ഹൈക്കോടതി ഉത്തരവ് ഏതെല്ലാം കേസ്സുകളിലാണ് വന്നിട്ടുള്ളത്; ഇത് സംബന്ധിച്ച് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(എഫ്) തെരഞ്ഞെടുപ്പ് കേസ്സുകൾ നിയമപ്രകാരം എത്ര കാലയളവിനകമാണ് തീർപ്പാക്കേണ്ടത്;

(ജി) തീർപ്പാക്കാത്ത കേസ്സുകൾ എത്ര;

(എച്ച്) കാലാവധി പൂർത്തിയാക്കിയ ഭരണ സമിതിയെ സംബന്ധിച്ച തെരഞ്ഞെടുപ്പുകേസ്സുകൾ എത്രയെണ്ണമാണെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly